(സി) തീര നൈപുണ്യ പദ്ധതിയിലൂടെ ഏതൊക്കെ കാര്യങ്ങളാണ് ലക്ഷ്യ മിടുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

സാഫ് മുഖേന നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യ ത്തൊഴിലാളി കുടുംബങ്ങളിലെ +2 പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വ വികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു.

പുനർഗേഹം പദ്ധതി

8 (*68) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ പൂർണ്ണ മായും പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തീരദേശത്ത് വേലിയേറ്റ പരിധിയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം 29-9-2021-വരെ തീരദേശ ജില്ലകളിലെ 10949 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 29-9-2021-വരെ മാറിതാമസിക്കാൻ തയ്യാറായ 7716 ഗുണഭോക്താക്കളിൽ 2378 പേർ ഭൂമി കണ്ടെ ത്തുകയും ജില്ലാതല കമ്മിറ്റി ഭൂമിവില അംഗീകരിച്ചിട്ടുമുണ്ട്. 1771 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 616 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേയ്ക്ക് താമസം മാറിയിട്ടുമുണ്ട്. 898 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ DLSC (Department Level Steering Committee) വകുപ്പുതലത്തിൽ കൂടുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലും കൃത്യമായ ഇടവേള കളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതിയുടെ 29-9-2021 വരെയുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

(സി) വിവിധ കാലത്തുണ്ടായ കടലാക്രമണത്തെ തുടർന്ന് വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹം പദ്ധതിയിൽ മുൻഗണന നൽകിയിട്ടു ണ്ടോയെന്ന് വ്യക്തമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളിൽ സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ സമ്മതം അറിയിക്കുന്ന എല്ലാ ഗുണഭോക്താക്കളെയും ആദ്യ ഘട്ടമായി പുനരധിവസിപ്പിക്കും. അപ്രകാരം മാറിത്താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ള 7716 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2016 മുതൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട എല്ലാവരെയും വകുപ്പ് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗമായി ഇനിയും പദ്ധതി പൂർത്തീകരി ക്കേണ്ടവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പ്രസ്തുത പദ്ധതിയിലൂടെ വീട് ലഭ്യമാക്കുന്നതിന് കഴിയുമോയെന്ന് വിശദമാക്കുമോ?

ഇല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനു ള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സാധിക്കും. നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് ഭവന പദ്ധതി നടപ്പിലാക്കുന്നത്.

മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

9 (*69) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയും ഇവയെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡുകളും ഉയർന്ന നിലവാരത്തോടെ മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.